Both the surveys reflected the public interest towards scientific management of teak pest in their plantation and their willingness for sharing information and co-operate with KFRI. From the survey it is concluded that the attack of *H. puera* in teak plantations is considered to be the major threat in south India. Some farmers showed their sincere interest to use HpNPV virus for teak defoliator management.

### 3.2. Outcome of the Workshop (Konni)

The primary objective of the workshop was to generate awareness among the field staff regarding the teak defoliator problem and need for its management and to train them to monitor, detect and inform the outbreaks well in time to mount a control operation. They were informed about the biocontrol technology developed by KFRI to manage the teak defoliator. Ignorance and fear of some of the forest ofiicials in handling virus biocide could be reduced up to a limit through discussion, demonstration and handling the product with bare hands. The biosafety of HpNPV should be exposed to the public for the acceptance of this technology. The workshop generated good response in the Forest department field staff and officers by way of their participation and active involvement in discussions.

### 3.3. Outcome of Exhibition

The primary objective of conducting the Exhibition was to popularize HpNPV as a potential biocontrol agent against the teak defoliator to all teak farmers inside and outside the country. In keeping with the scales and significance of present "technology transfer" project, HpNPV production methods, storage and application was the focal theme in the exhibition. This facilitated the visitors to familiarize with the equipment required for the virus production. Most of the participants collected handbook from the exhibition hall.

Consultation and engagement had taken place with a wide range of stakeholders throughout the exhibition day. It was a success because a good number of deals established with people during and after the exhibition. Most of the participants

(especially from Malaysia. Indonesia and Brazil) encountered with the problem of teak defoliator attack in their plantations. They expressed their interest in using the technology or purchase the product to test in their plantation. For them the biocontrol option against *H. puera* was fresh. A questionnaire (appendix VII) in English was issued for international participants in order to understand their stand towards the technology. Most of the participants responded towards the opinion poll and communicated their appreciation about the technology. International participants showed rheir interest in collaborating with KFRI as detailed in the table 3.3.

Table 3.3: international participants attitude towards Hybcheck technology

| Sl.No | Nation | Interest | | |
|---|---|---|---|---|
| | | Procure product | Training | collaboration |
| 1 | Brazil | yes | - | - |
| 2 | Indonesia | - | yes | yes |
| 3 | Malaysia | - | - | yes |
| 4 | Thailand | yes | yes | yes |

The members of above listed nations were incredibly curious about the new biopesticide against *H. puera* and they informed that teak defoliator attack is prominent and a serious issue in their plantations. All of them showed their concern about on the transfer of the biopesticide to their country because it is basically a virus product.

Apart from the international requisites, the Director of a research institution for organic agriculture from India showed her keen interest in procuring the product and get training (for their research group) from KFRI .

The exhibition made an outstanding impact on the farmers and self employed persons who came from Nilambur and surrounding areas. Some of them showed interest in take over and run the technology personally. The exhibition got media coverage in local television channels and newspapers which brought additional exposure to the novel technology.

### 3.4. Application of HpNPV for Management of *H. puera* in Teak Plantations (Forest Sector)

KFRI team could manage the defoliator (*H.puera*) attack in three plantations at Nilambur division (Kanjirakkadavu, Peruvam Padam and Panayamkode) by spraying HpNPV formulation. It was a direct field experience to the accompanied forest staff and was helpful for them in familiarizing with the technology.

### 3.5 Transfer of Technology to Entrepreneurs

Inspite of the dissemination of information through various agencies including media, conferences etc.. no response from any pesticide agencies was received. The reason for the same as enforced by some of them, is the non assurance of the market for the product. The product is targeted for a single pest and the Forest Department is the prime owner of majority of teak plantations. Unless a policy decision is taken to manage the pest using HpNPV , the entrepreneur might not have confidence on the market for the product .

## 4. CONCLUSIONS

Since the discovery of the powerful biocontrol tool – HpNPV, attempts haven made to utilize it for management of the teak defoliator. Detailed studies have been carried out by Kerala Forest Research Institite on various aspects of the ecology and biology of the virus. Methodology has been standardized to mass multiply the virus and its field application. Several isolates of the virus haven identified and evaluated for their efficacy which has led to screen out the most effective ones. Field evaluation carried out established the efficacy of the virus. Several formulations have been developed and evaluated out of which the freeze dried formulation was found to be the ideal one with substantial storage life up to 18 months. In spite of the technology available much progress could not be made in transferring the technology to the prime user-the Forest Department who owns about 78,000 ha of teak plantations. Policy decision on management of teak plantation from pest problems is yet to be taken. Under private sector teak does not occupy large area. However, many farmers have shown interest in managing the teak defoliator. The continuous availability of HpNPV can be ensured only if the technology goes to hands of an entrepreneur. This will become a reality only if there is assurance on the market for the product.

# 5. REFERENCES


Beeson, C. F. C. 1941. The Ecology and Control of the Forest Insects of India and Neighbouring Countries. *Reprint 1961* , Govt. of India Publication, New Delhi: 767.

Chandrasekhar N., Sudheendrakumar, V. V. and Moinak Banerjee .2004. A study on the population dynamics of the teak defoliator in Nilambur teak plantation: A novel approach using RAGEP. Proceedings of sixteenth Kerala Science Congress, pp. 412-417

Hunter – Fujita, F. R. Entwistle, P. F., Evans, H. F and Crook, N. E. 1998. Insect viruses and pest management: Enumeration of virus. John Willey & Sons, Inc., New York, pp. 455 - 484

Mathew, G., Sudheendrakumar, V. V., Mohandas, K. and Nair, K. S. S. 1990. An artificial diet for the teak defoliator *Hyblaea puera* Cramer (Lepidoptera: Hyblaeidae). *Entomon* 15 (4): 159- 163.

Nair, K .S. S., Sudheendrakumar, V.V., Varma, R. V. and Chacko, K. C. 1985. Volume increment of teak. *KFRI Research Report No. 30* , Kerala Forest Research Institute, Peechi, Kerala, India, 78 p.

Nair, K. S. S. and Sudheendrakumar, V.V. 1986. The teak defoliator, *H. puera*: Defoliation dynamics and evidences for short range migration of moths. *Proc. Indian Acad. Sci. (Anim. Sci)*: 7-21.

Nair, K. S. S. and Mohandas. 1996. Early events in the outbreak of the teak caterpillar, *Hyblaea puera. International Journal of Ecology* and *Environmental Sciences* 22: 271-279.

Rabindra, R.J. 2001. Emerging trends in microbial control of crop pests. In: Rabindra, R.J., Kennedy, J.S., Sathiah, N., Rajasekaran, B. and Srinivasan, M. R. (Eds.), Microbial Control of Crop Pests. Graphix Skill Publishers, Ciombatore, India. pp. 1-17.

Sudheendrakumar, V. V. 2003. Reproductive behaviour of *Hyblaea puera* Cramer. *Entomon* 28(2): 77 - 84.

Sudheendrakumar, V. V., Biji, C.P. and Sajeev, T. V. 2006. Influence of virus inoculation method and host larval age on productivity of nucleooplyhedro virus of teak defoliator *H. puera* Cramer. *Journal of Virological Method*, 133(4): 100-104.

Sudheendrakumar, V. V., Mohamed Ali, M. I. and Varma, R.V. 1988. Nuclear Polyhedrosis virus of the teak defoliator, *Hyblaea puera. Invertebrate Pathology* 51(3): 307-308.

Sudheendrakumar,V. V., Varma, R. V. and Sajeev, T. V. 2004. Demonstration of mass production, formulation and application of a baculovirus for the management of the teak defoliator *Hyblaea puera. K F R I Research Report No. 290,* Kerala Forest Research Institute, Peechi, Kerala: 52 p.

# Appendix I

പ്രിയ സുഹൃത്തെ,

കെ.എഫ്. ആർ.ഐ യിൽ നിന്നും താങ്കൾ വാങ്ങിയ തേക്ക് തൈകളുടെ/ സ്റ്റമ്പിന്റെ ഇപ്പോഴത്തെ വിവരങ്ങൾ അറിയുവാനാണ് ഈ കത്ത്. താങ്കളുടെ സഹകരണം പ്രതീക്ഷിക്കുന്നു. തേക്കിന്റെ പരിപാലന വുമായി ബന്ധപ്പെട്ട് ഇവിടെ നിന്നുമുള്ള ഗവേഷണ ഫലങ്ങൾ താങ്കളെ അറിയിക്കുവാനും താങ്കൾക്കുള്ള സംശയങ്ങൾ ദുരീകരിക്കുവാനും ഞങ്ങൾ സന്നദ്ധരാണെന്നും അറിയിക്കട്ടെ. താങ്കളുടെ മരങ്ങളെക്കുറിച്ചു ള്ള പ്രാഥമിക വിവരങ്ങൾ അറിയുവാൻ ആവശ്യമായ ചോദ്യങ്ങളാണ് താഴെ.

| | | |
|---|---|---|
| തേക്കുതോട്ടത്തിന്റെ വിസ്തൃതി അല്ലെങ്കിൽ മരങ്ങളുടെ എണ്ണം | | |
| മരങ്ങളുടെ പ്രായം | | |
| മരങ്ങളുടെ ഉയരം | | |
| മരം നട്ടിരിക്കുന്ന രീതി ('✓' ചെയ്യുക) ഒറ്റയ്ക്ക് | അതെ | അല്ല |
| കൂട്ടുവിളയായി | അതെ | അല്ല |
| അതിരിൽ കൂടി | അതെ | അല്ല |
| തേക്കിൽ കീടബാധ ഉണ്ടാകാറുണ്ടോ? | ഉണ്ട് | ഇല്ല |
| കീടബാധ ഉണ്ടായ ഭാഗം | ഇല | തണ്ട് |
| കീടബാധക്കെതിരെ ഏതെങ്കിലും മരുന്ന് ഉപയോഗിച്ചിരുന്നോ? ഉണ്ടെങ്കിൽ പേരെഴുതുക. | ഉണ്ട് | ഇല്ല |
| തേക്കിന്റെ വളർച്ച, പരിപാലനം, കീടബാധ, തടിയുടെ ഗുണം എന്നിവയെക്കുറിച്ച് അറിയുന്നതിന് കെ.എഫ്. ആർ.ഐയുമായി സഹകരിക്കുവാൻ താത്പര്യമുണ്ടോ? | ഉണ്ട് | ഇല്ല |
| വ്യാപകമായി തേക്കുകൃഷി ചെയ്യുന്ന വേറാരുടെയെങ്കിലും വിലാസം അറിയാമെങ്കിൽ രേഖപ്പെടുത്തുക. | | |

ഉത്തരങ്ങൾ രേഖപ്പെടുത്തുവാനും ഇതോടൊപ്പമുള്ള സ്റ്റാമ്പൊട്ടിച്ച കവറിൽ ഇത് അയച്ചു തരുവാനും അഭ്യർത്ഥിക്കുന്നു.

താങ്കളുടെ സഹകരണത്തിന് നന്ദി.

സ്നേഹപൂർവ്വം,

Scientist,
Entomology Laboratory, KFRI Sub Centre,
Chandakunnu PO, Nilambur- 679342
Ph:04931-222846, 220969 Email-hyblaea@gmail.com

## Appendix II

Dear friend,

The Kerala forest research institute centre, Nilambur is collating information on the current status of seedlings/stumps you had brought from us. We look forward to share any information with you so that the teak trees can be scientifically managed. To make the preliminary information available to us , kindly answer the following questions.

| | | | |
|---|---|---|---|
| Name & phone number | | | |
| Area of plantation / number of trees | | | |
| Type of plantation | pure | Yes | No |
| | Mixed | Yes | No |
| | Along the boarder only | Yes | No |
| Have you noticed any pest attack on your teak trees? | | Yes | No |
| If yes which part of tree was attacked | | Stem | Leaf |
| Have you applied any pesticides against the pest?<br>If yes specify the name | | Yes | No |
| Are you interested to co-operate with KFRI towards scientific management of teak plantation? | | | |
| If you know some one else who might be interested in our effort please provide contact address | | | |

Kindly send back this form in the enclosed stamped envelope.

Thank you for your co-operation

Yours sincerely

Scientist,
Entomology laboratory, KFRI sub center
Chandakunnu post, Nilambur
Kerala Pin –679342

Ph: 04931-222846, 220969 e-mail: hyblaea@gmail.com

Appendix III




## തോട്ടങ്ങളിൽ എൻ.പി.വി ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാനകാര്യങ്ങൾ:

1. എൻ.പി.വി, ഹിബ്ലിയ പുഴുക്കൾ ഒഴിച്ചുള്ള മനുഷ്യനടക്കം മറ്റൊരു ജീവജാലങ്ങൾക്കും ഹാനികരമല്ലാത്ത തിനാൽ ഇത് ഉപയോഗിക്കുമ്പോൾ രാസകീടനാശിനികൾ തളിക്കുമ്പോൾ ചെയ്യുന്നതുപോലെയുള്ള സുര ക്ഷാവസ്ത്രങ്ങളുടെയോ മുഖം മൂടികളുടെയോ ആവശ്യമില്ല. എൻ.പി.വി തളിച്ച തോട്ടങ്ങളിൽ നിന്ന് ജല മെടുക്കുന്നതോ കന്നുകാലികൾ മേയുന്നതോ തടസ്സപ്പെടുത്തേണ്ടതില്ല.
2. മഴയുള്ളപ്പോൾ കഴിയുന്നതും മരുന്നുതളി ഒഴിവാക്കേണ്ടതാണ്. എന്നാൽ ചാറ്റൽ മഴയത്ത് മരുന്നിനോ ടൊപ്പം പശിമയുള്ള പ്ലാന്റോ വെറ്റ് മുതലായ വസ്തുക്കൾ ചേർത്ത് തളിക്കാവുന്നതാണ്.
3. ഓരോ പ്രാവശ്യം മരുന്ന് തളിക്കുന്നതിന് മുമ്പ് തോട്ടത്തിൽ കേടിന്റെ വ്യാപ്തി കൃത്യമായി നിർണ്ണയിക്കേ ണ്ടതുണ്ട്.
4. മരുന്ന് തളിച്ചതിനുശേഷം സ്പ്രെയറുകൾ നന്നായി കഴുകി വൃത്തിയാക്കണം. അടുത്ത ഉപയോഗത്തിനു മുൻപ് വേണ്ട അറ്റകുറ്റ പണികൾ നടത്താനുള്ള അറിവ് മരുന്നു തളിക്കുന്നവർക്കുണ്ടാവണം.
5. മരുന്നു തളിച്ച തോട്ടത്തിൽ മൂന്നാം ദിവസം നിരീക്ഷണ സന്ദർശനം നടത്തി മരുന്നു തളിച്ചതിന്റെ ഫലം വിലയിരുത്തേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്

സയന്റിസ്റ്റ്
എന്റമോളജി ലാബോറട്ടറി
കെ.എഫ്.ആർ.ഐ സബ് സെന്റർ, നിലമ്പൂർ
Ph: 04931-220969, Fax: 04931-220218, E-mail: hyblaea@gmail.com

# Appendix III cont'd

## ആമുഖം

ഉഷ്ണമേഖല പ്രദേശങ്ങളിൽ വ്യാപകമായി കൃഷിചെയ്തുവരുന്ന ഒരു വിളയാണ് തേക്ക് (ടെക്റ്റോണ ഗ്രാൻഡിസ്). മിക്കവാറും എല്ലായിടങ്ങളിലും ഏതാനും ചിലയിനം പുഴുക്കൾ തേക്കിന്റെ വളർച്ചയെ സാരമായി ബാധിക്കുന്നുണ്ട്. ഇതിൽ പ്രധാനമാണ് ഹിബ്ലിയ പ്യൂറ എന്ന ഇലതീനിപ്പുഴുക്കൾ.

ഇന്ത്യയിലെ ആദ്യത്തെ തേക്കുതോട്ടം നിലവിൽ വരുന്നതിനു മുമ്പു തന്നെ ഇവിടുത്തെ സ്വാഭാവിക വനങ്ങളിലെ തേക്കുമരങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കണ്ടുവന്നിരുന്നു. വർഷത്തിൽ ഒന്നിലേറെത്തവണ ഇലകൾ മുഴുവൻ തിന്നുനശിപ്പിക്കുന്ന ഹിബ്ലിയ പുഴുക്കൾ തേക്കിന്റെ വളർച്ചയെ കുറയ്ക്കുന്നതായും കണ്ടെത്തിയിട്ടുണ്ട്. 1942-ൽ 50 ഏക്കറിൽ ആരംഭിച്ച തേക്കുതോട്ടം നിലമ്പൂരിൽ 7500 ഹെക്ടറിലും കേരളത്തിലൊട്ടാകെ 6800 ഹെക്ടറിലും ഇന്ത്യയിലാകെ 3 മില്ല്യൻ ഹെക്ടറിലും ഉൾപ്പെടെ ലോകത്തിലൊട്ടാകെ 66 രാജ്യങ്ങളിൽ ഒരു ഏകവിളത്തോട്ടമായി വളർത്തപ്പെടുന്ന തേക്കിന്റെ പ്രധാനപ്പെട്ട ശത്രു ഹിബ്ലിയ പുഴുക്കളാണ്.

ഹിബ്ലിയയെക്കുറിച്ചുള്ള പഠനങ്ങൾ നിലമ്പൂരിൽ ആരംഭിച്ചിട്ട് ഒരു നൂറ്റാണ്ടിലേറയായി. 1936-ൽ ഇവയുടെ ആയുർദൈർഘ്യം, ആക്രമണരീതി എന്നിവയെക്കുറിച്ച് പഠിക്കാനായി ഒരു പരീക്ഷണശാല നിലമ്പൂരിൽ പ്രവർത്തിച്ചിരുന്നു. ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കുറയ്ക്കുന്നതിനായി തോട്ടങ്ങൾ നിർമ്മിക്കുമ്പോഴും പരിപാലിക്കുമ്പോഴും ശ്രദ്ധിക്കേണ്ട ചില വസ്തുതകൾ മുന്നോട്ടുവയ്ക്കാൻ ഈ പഠനങ്ങൾക്ക് സാധിച്ചു. എങ്കിലും അവ ഒരിക്കലും തോട്ടങ്ങളിൽ പരീക്ഷിക്കപ്പെടുകയുണ്ടായില്ല. 1975-ൽ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായതോടെ ഹിബ്ലിയ പുഴുക്കളെക്കുറിച്ചുള്ള പഠനങ്ങൾ വേഗത കൈവരിച്ചു. ഹിബ്ലിയയുടെ ആക്രമണം മൂലം ഉണ്ടാകാവുന്ന സാമ്പത്തികനഷ്ടം കണക്കാക്കുക എന്നതായിരുന്നു കെ.എഫ്.ആർ.ഐ.ഏറ്റെടുത്ത ആദ്യ പഠനങ്ങളിൽ ഒന്ന്. തുടർന്ന് പ്രകൃതിയിലുള്ള ഈ പുഴുക്കളുടെ സ്വാഭാവിക ശത്രുക്കളെ ഉപയോഗിച്ച് ഇവയെ നിയന്ത്രിക്കാനുള്ള ശ്രമങ്ങൾക്ക് മുൻതൂക്കം നൽകി. ഇത്തരത്തിലുള്ള വിവിധ ജീവി വിഭാഗങ്ങളിൽ പെടുന്ന അമ്പതോളം ശത്രുജീവികളെ പഠന വിധേയമാക്കുകയുണ്ടായി. അവയിൽ നിന്ന് ഹിബ്ലിയയെ മാത്രം ആക്രമിക്കുന്ന എൻ.പി.വി എന്ന വൈറസ് ഈ പുഴുവിനെ നിയന്തിക്കുവാൻ കഴിയുന്ന ഏറ്റവും മികച്ച ജൈവനിയന്ത്രണ മാർഗമാണെന്ന് കണ്ടെത്തപ്പെട്ടു. കഴിഞ്ഞ മൂന്നു വർഷമായി ഈ ജൈവകീടനാശിനിയുടെ ഉത്പാദനം, ഉപയോഗം എന്നിവയെക്കുറിച്ചുള്ള ഗഹനമായ പഠനങ്ങൾ നടത്തുന്ന പരീക്ഷണശാല നിലമ്പൂരിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ പൂർണ്ണമായും വികസിപ്പിച്ച ജൈവ സാങ്കേതിക വിദ്യ വനം വകുപ്പിനുകൈമാറുന്ന പ്രക്രിയ തുടങ്ങിയതും നിലമ്പൂരിലാണ്.

കേരളത്തിലെ പ്രധാന തേക്കുതോട്ടങ്ങൾ ഏറെയുള്ള കോന്നി ഫോറസ്റ്റ് ഡിവിഷനിൽ ഈ സാങ്കേതിക വിദ്യ പരിചയപ്പെടുത്തുവാനുള്ള അവസരം അതീവപ്രാധാന്യത്തോടെയാണ് കെ.എഫ്.ആർ.ഐ കാണുന്നത്.

പരീക്ഷണശാലയിൽ നിന്നും തോട്ടങ്ങളിലേക്കുള്ള ഈ ജൈവ സാങ്കേതിക വിദ്യയുടെ യാത്രയിൽ എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കുന്നു.

ഡയറക്ടർ
കെ.എഫ്.ആർ.ഐ

# Appendix III cont'd

## ഹിബ്ലിയ: ജീവിതചക്രവും തേക്കുതോട്ടങ്ങളിലുണ്ടാകുന്ന സാമ്പത്തിക നഷ്ടവും


മുട്ടകൾ

ഹിബ്ലിയ ഒരു നിശാശലഭമാണ്. ഉഷ്ണമേഘലയിലെ 31 ഓളം രാജ്യങ്ങളിൽ കാണപ്പെടുന്ന താരതമ്യേന ചെറിയ ഈ ശലഭത്തിന് ചിറകറ്റങ്ങൾ തമ്മിൽ 3 മുതൽ 4 സെന്റീമീറ്റർ വരെ നീളമുണ്ടാകും. വിശ്രമാവസ്ഥയിൽ ചാരനിറമാർന്ന മുൻ ചിറകുകൾ, കറുപ്പും ഓറഞ്ചുനിറം കലർന്ന മഞ്ഞയും ഉള്ള പിൻ ചിറകുകളെ മറയ്ക്കുന്നതായി കാണാം. മിക്കവാറും ഒരേ സമയം വിരിഞ്ഞിറങ്ങുന്ന ആൺ പെൺ ശലഭങ്ങൾ 2 ദിവസത്തിനകം ഇണചേരുകയും പെൺ ശലഭം ഒരു ദിവസത്തിനുശേഷം മുട്ടയിടാൻ തുടങ്ങുകയും ചെയ്യും. തേക്കിന്റെ തളിരിലയുടെ അടിവശത്ത് സിരകളോടുചേർന്ന് ഒറ്റയ്ക്കൊറ്റക്കായാണ് മുട്ടകൾ കാണപ്പെടുക. ഒരു പെൺ ശലഭം ഒരാഴ്ച്ചക്കാലത്ത് 500 മുതൽ 600 വരെ മുട്ടകളിടും. രണ്ടു ദിവസത്തിനുള്ളിൽ മുട്ടകൾ വിരിഞ്ഞ് ഹിബ്ലിയ പുഴുക്കൾ തളിരില ഭക്ഷിക്കാൻ തുടങ്ങും.

ഹിബ്ലിയ പുഴുക്കൾക്ക് അഞ്ചു ജീവിത ദശകളുണ്ട്. മുട്ട വിരിഞ്ഞിറങ്ങുന്ന പുഴുക്കൾ ഇലയുടെ ഉപരിതലത്തിൽ തന്നെ ഉമിനീരുകൊണ്ടുണ്ടാക്കുന്ന വലയാൽ സംരക്ഷിതമായി ഇലയിലെ ഹരിതകം കാർന്നു തിന്നാൻ തുടങ്ങുന്നു. ഒന്നു രണ്ടു ദിവസത്തിനകം രണ്ടാം ദശയിലേക്ക് പ്രവേശിക്കുന്ന പുഴുക്കൾ ഇലയുടെ അരികിലേക്ക് നീങ്ങുകയും ഇല വെട്ടി അടിവശത്തേക്ക് മടക്കി, ആ മടക്കിനകത്തിരുന്നുകൊണ്ട് ഭക്ഷണം തുടരുന്നു. വലിയ തേക്കുമരങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണത്തിന്റെ ആദ്യലക്ഷണം രണ്ടാം ദശയിലെ പുഴുക്കൾ ഉണ്ടാക്കുന്ന ഈ മടക്കുകളാണ്. മൂന്നും നാലും അഞ്ചും ദശകൾ കൂടുതൽ വലുപ്പമുള്ള മടക്കുകളാണ് ഉണ്ടാക്കുക. ഇല തിന്ന് തീരുന്നതിനനുസരിച്ച് ഉമിനീർ നാരുകളിൽ തൂങ്ങി അടുത്ത ഇലകളിലേക്ക് അവ മാറിക്കൊണ്ടിരിക്കുകയും ചെയ്യും. അഞ്ചാം ദശയിലെത്തുന്നതോടെ ഹിബ്ലിയ പുഴുക്കൾക്ക് തേക്കിലെ ഏറ്റവും മൂത്ത ഇലകൾ പോലും ഭക്ഷിക്കുവാൻ കഴിയും. പൂർണ്ണ വളർച്ചയെത്തിയ ഹിബ്ലിയ പുഴുവിന് 3.5 മുതൽ 4.5 സെ.മീ വരെ നീളമുണ്ടാകും. ഈ ഘട്ടത്തിലെത്തുന്നതോടെ ആക്രമിക്കപ്പെട്ട തേക്കിലെ മിക്കവാറും എല്ലാ ഇലകളും ഭക്ഷിക്കപ്പെട്ടു കഴിഞ്ഞിരിക്കും.


പുഴു


സമാധിദശ

പൂർണ്ണ വളർച്ചയെത്തിയ പുഴുക്കൾ മരമിറങ്ങി മണ്ണിലെത്തിയാണ് സമാധിദശയിലേയ്ക്കു കടക്കുക. കരിയിലകൾക്കിടയിൽ മൺ പടലങ്ങളെ ഉമിനീരുകൊണ്ട് യോജിപ്പിച്ചാണ് കൊക്കൂൺ (പ്യൂപ്പ സ്ഥിതി ചെയ്യുന്ന ആവരണം) നിർമ്മിക്കുക. ഈ കൊക്കൂണിനകത്ത് ആറു മുതൽ എട്ടു ദിവസം വരെ സമാധിദശയിലിരുന്നതിനു ശേഷമാണ് ഹിബ്ലിയ ശലഭങ്ങൾ വിരിഞ്ഞിറങ്ങുന്നത്.

ഈ ജീവിതചക്രം പൂർത്തിയാവാൻ 19 മുതൽ 36 ദിവസം വരെ വേണ്ടി വരും. ഇന്ത്യയിൽ സാധാരണ നിലയിൽ തുടർച്ചയായ 14 തലമുറകൾ വരെ ഒരു വർഷം ഉണ്ടാവും.


ശലഭം

# Appendix III cont'd

## സാമ്പത്തിക നഷ്ടം

ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാരണം നാലുമുതൽ ഒൻപതുവർഷംവരെ പ്രായമുള്ള തേക്കിൻ തോട്ടങ്ങളിൽ സ്വാഭാവിക വളർച്ചയുടെ 44 ശതമാനമാണ് നഷ്ടപ്പെടുന്നത്. നിലമ്പൂർ റേയ്ഞ്ചിലെ വള്ളുവശ്ശേരി തേക്കുതോട്ടത്തിൽ, പുഴുക്കളിൽനിന്നും സംരക്ഷണം ലഭിച്ച മരങ്ങൾ 10 വർഷക്കാലത്ത് മറ്റു മരങ്ങളേക്കാൾ 40% ഉയരവും 22% വണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം ഒരു ഹെക്ടറിൽ നിന്ന് മൂന്ന് ക്യൂബിക് മീറ്റർ തടിയുടെ നഷ്ടമാണ് ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാരണം ഉണ്ടാവുന്നത്.





## നിയന്ത്രണ മാർഗ്ഗങ്ങൾ

ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കാൻ ആദ്യ കാലങ്ങളിൽ രാസകീടനാശിനികൾ ഉപയോഗിച്ചിരുന്നു. എന്നാൽ തേക്കുപോലെ വളരെ വിസ്തൃതമായി കൃഷിചെയ്യുന്ന തോട്ടവിളയിൽ തളിക്കുന്ന രാസകീടനാശിനികൾ ഹിബ്ലിയയെ മാത്രമല്ല മറ്റെല്ലാ ജീവജാലങ്ങളേയും ദോഷകരമായി ബാധിക്കും. ഈ കാരണത്താലാണ് ഹിബ്ലിയയെ മാത്രം ആക്രമിക്കുന്ന എൻ.പി.വി ഒരു സുപ്രധാന കണ്ടെത്തലായത്.

### എൻ. പി.വി എന്ന ജൈവകീടനാശിനി: പ്രവർത്തനവും സാധ്യതയും

ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിനുള്ള ജൈവകീടനാശിനിയായ എൻ.പി.വി (ന്യൂക്ലിയോ പോളി ഹെഡ്രോസിസ് വൈറസ്) ഒരു വൈറസാണ്. ഹിബ്ലിയയെ ആക്രമിക്കുന്ന എൻ.പി.വിയെ കണ്ടെത്തിയത് 1988ൽ നിലമ്പൂരിലാണ്. പ്രകൃതിയിൽ സ്വാഭാവികമായി കണ്ടുവരുന്ന ഈ വൈറസ് ചിലപ്പോഴൊക്കെ ഹിബ്ലിയ പുഴുക്കളിൽ വലിയ തോതിൽ രോഗബാധയുണ്ടാക്കുന്നതായി കാണാറുണ്ട്.

ഇലകളിൽ തളിക്കുന്ന ഈ ജൈവകീടനാശിനി, പുഴുക്കൾ ഇല തിന്നുമ്പോൾ അവയുടെ ശരീരത്തിലെത്തുന്നു. അന്നനാളഭിത്തിയിലെ കോശങ്ങൾക്കകത്തേക്കാണ് എൻ. പി.വി ആദ്യം പ്രവേശിക്കുക. കോശഭിത്തിയും കോശത്തിനകത്തെ ന്യൂക്ലിയാർ ഭിത്തിയും ഭേദിച്ച് ന്യൂക്ലിയസിലെത്തുന്ന എൻ.പി.വി ആ കോശത്തിനകത്ത് പെരുകുന്നു. ഈ പ്രക്രിയ പൂർണ്ണമാകുന്നതോടൊപ്പം കോശഭിത്തി തകരുകയും നിരവധിയായി പെരുകിയ എൻ.പി.വി ശരീരമാകെ പടർന്ന് മറ്റു കോശങ്ങളെ ആക്രമിക്കുകയും ചെയ്യുന്നു. ഇങ്ങനെ നിരവധി കോശങ്ങൾ തകർന്നു തുടങ്ങുമ്പോൾ ഹിബ്ലിയ പുഴുക്കൾ ഇല തിന്നുന്നത് നിർത്തുകയും തുടർന്ന് മരിക്കുകയും ചെയ്യുന്നു. എൻ.പി.വി ശരീരത്തി



# Appendix III cont'd



എൻ.പി.വി

നകത്ത് എത്തിയശേഷം 72 മുതൽ 96 മണിക്കൂറുകൾക്കു ശേഷമാണ് പുഴുക്കൾ മരിക്കുക. എൻ.പി.വി ബാധയാൽ മരിക്കുന്ന പുഴുക്കളുടെ ഒരു സവിശേഷത അതിന്റെ അതിലോലമായ ത്വക്കാണ്. മരണശേഷം വളരെ പെട്ടെന്നു തന്നെ ഈ ത്വക്ക് ദ്രവിച്ച് പൊട്ടി ലക്ഷക്കണക്കിന് എൻ.പി.വി പുഴുക്കളുടെ ശരീരത്തിൽ നിന്ന് ഇലകളിലേക്ക് വ്യാപിക്കുന്നു. ആദ്യ ഘട്ടത്തിൽ അതേ മരത്തിലെ ഏതെങ്കിലും പുഴുക്കൾ എൻ.പി.വി ബാധയേൽക്കാതെ രക്ഷപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുനരുൽപ്പാദിപ്പിക്കപ്പെട്ട ഈ വൈറസിനാൽ രോഗബാധിതരാകും.

എൻ.പി.വി എന്ന ജൈവകീടനാശിനിയുടെ ഒരു പ്രധാനപ്പെട്ട മേന്മ അത് പ്രയോഗിക്കപ്പെട്ട ശേഷം പതിന്മടങ്ങായി വർദ്ധിക്കും എന്നതാണ്. അതേ സമയം മനുഷ്യനുൾപ്പെടെ വേറൊരു ജീവജാലത്തെയും അത് ബാധിക്കുന്നുമില്ല. ഏതൊരു കീടനാശിനിയേയും പോലെ വിവിധ തരം സ്പ്രെയറുകൾ ഉപയോഗിച്ച് എൻ.പി.വി പ്രയോഗിക്കാവുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ എൻ.പി.വി ബാധയേറ്റ ഹിബ്ലിയ പുഴു മരിക്കുന്നില്ലങ്കിൽ ആ പുഴുവിന്റെ ശരീരത്തിൽ എൻ.പി,വി നിലനിൽക്കുകയും അടുത്ത തലമുറയിലേക്ക് പകർന്നെത്തി അതിനെ നശിപ്പിക്കുകയും ചെയ്യും. കീടനിയന്ത്രണത്തിന് വിദേശരാജ്യങ്ങളിൽ എൻ.പി.വി ഉപയോഗിക്കാറുണ്ടെങ്കിലും ഇന്ത്യയിൽ ഇതാദ്യമായാണ് വനസംരക്ഷണത്തിനായി എൻ.പി.വി ഉപയോഗിക്കപ്പെടുന്നത്.

## എൻ.പി.വി യുടെ ഉപയോഗരീതികൾ

എൻ.പി.വി എന്ന വൈറസിനെ കെ.എഫ്.ആർ.ഐ വികസിപ്പിച്ചെടുത്തിട്ടുള്ളത് വെള്ളത്തിൽ ചേർത്ത് തളിക്കാവുന്ന പൊടിയായിട്ടാണ്. ഫ്രീസ് ഡ്രൈയിംഗ് എന്ന സാങ്കേതിക വിദ്യയിലൂടെയാണ് വൈറസിന് കേടുവരാതെ അതിനെ കാർബണുമായി ചേർത്ത് പൊടിയാക്കി മാറ്റുന്നത്. ഈ രൂപത്തിൽ എൻ.പി.വി വളരെ കാലം സൂക്ഷിച്ചു വയ്ക്കാൻ കഴിയും. തോട്ടങ്ങളിൽ ഹിബ്ലിയ പുഴുക്കളെ കണ്ടുതുടങ്ങിയതിനുശേഷമാണ് എൻ.പി.വി ഉപയോഗിക്കുക, മറിച്ച് കേടുവരുമെന്നു കരുതുന്ന തോട്ടങ്ങളിൽ മുൻകൂറായി ഇത് ഉപയോഗിക്കാറില്ല.

എൻ.പി.വി ഉപയോഗിക്കുന്നതിനുള്ള ഏറ്റവും പ്രധാന ബുദ്ധിമുട്ട് മരങ്ങളുടെ ഉയരമാണ്. ഉയരം കുറഞ്ഞ മരങ്ങൾക്കും ഉയരം കൂടിയവയ്ക്കും വ്യത്യസ്തമായ സ്പ്രെയറുകളാണ് കെ.എഫ്.ആർ.ഐ ഉപയോഗിക്കുന്നത്. പ്രായോഗികമായി പത്ത് വർഷത്തിൽതാഴെ പ്രായമുള്ള തോട്ടങ്ങളിലാണ് ഹിബ്ലിയ പുഴുക്കൾ കൂടുതൽ നാശകാരിയാകുക. ത്വരിതഗതിയിൽ വളർച്ച നടക്കുന്ന ഈ പ്രായത്തിൽ വളർച്ചാനിരക്ക് കുറക്കുന്നതോടൊപ്പം കൂമ്പ് നഷ്ടപ്പെടുന്നതിനാൽ ഒന്നിലേറെ തായ്ത്തണ്ടുകൾ ഉണ്ടാവുകയും തേക്കിന്റെ മൂല്യം ശോഷിപ്പിക്കുന്നതരത്തിൽ രൂപഭ്രംശം ഉണ്ടാക്കുകയും ചെയ്യുന്നു. ഈ കാരണങ്ങളാൽ ചെറുപ്രായത്തിലുള്ള തോട്ടങ്ങളിൽ മുതിർന്ന തോട്ടങ്ങളേക്കാൾ കീട നിയന്ത്രണം അത്യന്താപേക്ഷിതമാണ്.



# Appendix III cont'd

## ഹിബ്ലിയ പുഴുക്കളുടെ ആക്രമണം:

### പ്രാരംഭദശയിലെ കണ്ടെത്തൽ

നിലമ്പൂരിൽ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ പെയ്യുന്ന വേനൽ മഴയോടൊപ്പമാണ് ഹിബ്ലിയ പുഴുക്കളുടെ ആക്രമണം തുടങ്ങുക. ആദ്യ ഘട്ടത്തിൽ അര ഹെക്ടർ മുതൽ ഒന്നര ഹെക്ടർ വലിപ്പത്തിൽ അഞ്ചോ ആറോ സ്ഥലങ്ങളിലായി കേടുണ്ടാകും. ഈ സ്ഥലങ്ങളിലെ ഓരോ തേക്കുമരങ്ങളിലും ആയിരക്കണക്കിനുപുഴുക്കളെ കാണാനാവും. ആദ്യം കേടുവരുന്ന സ്ഥലങ്ങളിൽ നിന്ന് പുഴുവിന്റെ വിവിധ ദശകളും സമാധി ദശയും കടന്ന് വിരിഞ്ഞിറങ്ങുന്ന ഹിബ്ലിയ ശല ഭങ്ങൾ കൂട്ടമായി മറ്റു തോട്ടങ്ങളിലേക്ക് വ്യാപിക്കുകയും തേക്കിന്റെ തളിരിലകളിൽ മുട്ടയിടുകയും ചെയ്യുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ ഉണ്ടാവുന്ന ഈ കേടുകൾ ആദ്യഘട്ടത്തേക്കാൾ വിസ്തൃതമായിരിക്കും. ജൂൺ മാസങ്ങളിൽ കാല വർഷത്തിന്റെ വരവോടെ ധാരാളം തളിരലകൾ ഉണ്ടാവുമ്പോൾ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം അതിന്റെ മൂർദ്ധന്യ ത്തിലെത്തുന്നു. ജൂലൈ മാസത്തിലും മിക്കവാറും തോട്ടങ്ങളിൽ ഹിബ്ലിയ പുഴുക്കളുടെ ആക്രമണം കാണാനാകും.



ആഗസ്റ്റ് മാസത്തിൽ ആക്രമണം വളരെക്കുറവായേ കണ്ടുവരാറുള്ളൂ. ചില വർഷങ്ങളിൽ സെപ്തംബർ, ഒക്ടോബർ മാസങ്ങളിലും ആക്രമണം കാണപ്പെടാറുണ്ട്.

1. മാർച്ച് മുതൽ ജൂലൈ വരെയുള്ള മാസങ്ങളിൽ തളിരില വന്നു കഴിഞ്ഞാൽ പിന്നെ എല്ലാ ആഴ്ച്ചയും തോട്ടം സന്ദർശിക്കുക.
2. നിലത്ത് ഹിബ്ലിയ പുഴുക്കളുടെ കാഷ്ഠമോ മരത്തിൽ ഉമിനീർ നാരുകളോ തളിരിലകളിൽ സുക്ഷിരങ്ങളോ മടക്കുകളോ ഉണ്ടോ എന്ന് പരിശോധിക്കുക.
3. ഇല മടക്കുകളിൽ പുഴുക്കളെ കാണുന്നുവെങ്കിൽ താഴെ പറയുന്ന വിവരങ്ങൾ ശേഖരിക്കുക.
    1. തോട്ടത്തിന്റെ സ്ഥാനം (സ്ഥലനാമം, സ്റ്റേഷൻ, റേഞ്ച്)
    2. തോട്ടം നിർമ്മിച്ച വർഷം.
    3. മരങ്ങളുടെ ഏകദേശ ഉയരം.
    4. കേടുള്ള സ്ഥലത്തിന്റെ വിസ്തൃതി.
    5. തോട്ടത്തിന്റെ ഉത്തരവാദിത്വമുള്ള വനപാലകന്റെ പേര്.
4. മേൽ ശേഖരിച്ച വിവരങ്ങൾ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലമ്പൂർ സബ് സെന്ററിൽ പ്രവർത്തിക്കുന്ന എന്റമോളജി ലബോറട്ടറിയിൽ അറിയിക്കുക.(04931 - 220969)

ഒരു മാസത്തിൽ താഴെ ആയുർദൈർഘ്യമുള്ള ഹിബ്ലിയയുടെ പുഴു ദശ പത്തുമുതൽ പന്ത്രണ്ടു ദിവസം വരെ മാത്രമാണ്. ഇതിനിടയിൽ തേക്കിലെ ഇലകൾ മുഴുവൻ തിന്നു തീർക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ഹിബ്ലിയ പുഴുക്കളെ നിയന്ത്രിക്കുന്നതിൽ ഏറ്റവും പ്രധാന വെല്ലുവിളി പ്രാരംഭദശയിൽ തന്നെ ആക്രമണം കണ്ടെത്തുകയെന്നതാണ്. എൻ.പി.വി എന്ന ജൈവകീടനാശിനി ഉപയോഗിക്കുമ്പോൾ, തളിച്ചതിനുശേഷം മൂന്നു മുതൽ നാലു ദിവസത്തിനുശേഷം മാത്രമാണ് പുഴുക്കൾ നശിക്കുക. മാത്രമല്ല ഹിബ്ലിയ പുഴുക്കളുടെ പ്രാരംഭ ദശകളെ നിയന്ത്രിക്കുവാൻ എൻ.പി.വി വളരെ കുറഞ്ഞ അളവിലേ ഉപയോഗിക്കേണ്ടതായിട്ടുള്ളൂ.

## Appendix IV

Dear delegate,

KFRI invites your kind attention to the first ecofriendly biopesticide developed against teak defoliator- the most serious pest of teak. Hybcheck- the formulated product was announced during the poster session of this conference. A booklet with the complete specifications and research results of Hybcheck is provided along with the conference kit. In its continued efforts to develop ecofriendly techniques in aspects of forestry, KFRI is attempting to transfer the Hybcheck technology to managers of teak plantations, far and wide. We would greatly appreciate if you could kindly express your interest in collaborating with KFRI in this endeavor.

### Expression of Interest in Hybcheck technology

1. Name ____________________

2. Country ____________________

3. Which of the following best describes your interest?

- [ ] Would like to procure the product and use in my plantation
- [ ] Would like to make available the product to stakeholders in my country
- [ ] Would like to obtain training on adoption of the technology
- [ ] Would like to collaborate to extend the technology as part of a research programme

Any other (please specify)

4. Please list anyone else whom you know, who would be interested in the technology

## Appendix V

4 The New Indian Express
Kochi • • •

**STATE**

Friday
February 17, 2006

# Bio-control pesticide technology ready for Forest Dept

By A. Satish

Kochi, Feb 16: The technology relating to the manufacture of bio-control pesticides for tackling diseases in teak plantations which has been developed after more than two decades of research by scientists is finally ready to be transferred to the Kerala Forest Department.

Kerala has around 75,000 hectares of teak plantations of which the premium varieties are known to exist in Nilambur and Konni. The teak defoliator detected more than a century ago has been recognised as the most devastating pest in the teak plantations of Kerala.



**The leaves of teak plantations after attack by the defoliator virus.**

Naturally 7,500 hectares of teak plantations in Nilambur was subjected to extensive study by the entomologists from the Kerala Forest Research Institute (KFRI). The bio control pesticide was developed in a lab set up in Nilambur with the funds channelled by the Department of Biotechnology, Government of India.

The scientist trio of V.V.Sudheendra Kumar, T.V.Sajeev and Ravi Varma of the KFRI have now applied for an Indian patent for the process of manufacture of the bio-control pesticide for destroying

**DISEASES IN TEAK PLANTATIONS**

the teak defoliator pest.

"The defoliation results in the loss of about 44 per cent of the potential volume increment in young teak plantations", Sudheendra Kumar told Express.

He added that one cubic metre of teak costs between Rs 35,000 and Rs 40,000 and the defoliator pest could cause a damage of 3 cubic metre per hectare per annum.



**The larvae of the teak defoliator hanging dead after they were sprayed with the bio-control pesticide developed by the scientists of the KFRI.**

"In this context it was the duty of the government to undertake steps to produce this bio-control agent on a mass scale since the duty of the scientist was only to test its effective applicability", KFRI sources said. The feeding caterpillars of the defoliator strips the tree of foliage. The tree spends its resources to put up new foliage rather than to increase its body size.

"It was decided by the KFRI to avoid chemical pesticides or aerial spraying since it was harmful to the natural predators like wasps, spiders, birds and Bonette macaques which feed on the teak defoliator larvae. The bio-control remedies are free from chemicals and naturally eco-friendly", Sudheendra Kumar said.

Already the staff of the Forest Department have been trained to detect teak foliator attacks early enough so that control measures are adopted. Hugh F. Evans of the International Forestry Research Institute United Kingdom, assisted by the Department for International Development (DFID) has transferred the technology relating to the use of spraying machine and the field dosage to be adopted. The bio-control agent is manufactured from an insect virus nuclear polyhedrosis virus.

Teak which naturally sprouts only in India, Myanmar, Laos and Thailand is now grown in 64 countries across the globe. The teak defoliator has now been detected in Costa Rica and Brazil also. Therefore the bio-control agent could find a global market in the teak-growing countries.

## Appendix VI

മാതൃഭൂമി • 2006 ജൂലായ് 26 • ബുധനാഴ്ച

# പുഴുക്കളിൽനിന്ന് തേക്കിനെ രക്ഷിക്കുന്ന വിദ്യ കടലാസിൽ

തൃശ്ശൂർ:ഇലതീനിപ്പുഴുക്കളിൽനിന്ന് തേക്കുമരങ്ങളെ സംരക്ഷിക്കാൻ പീച്ചി വനഗവേഷണകേന്ദ്രം വികസിപ്പിച്ചെടുത്ത ജൈവസാങ്കേതികവിദ്യ കടലാസിൽ ഒതുങ്ങുന്നു.

ഹിബ്ലിയ പുഴുക്കളെ നശിപ്പിക്കാനായിരുന്നു ഗവേഷണത്തിലൂടെ ജൈവകീടനാശിനി തയ്യാറാക്കിയത്. സംസ്ഥാനത്ത് 68000 ഹെക്ടറോളം വരുന്ന തേക്കുകൃഷിയിടങ്ങളിൽ പുഴുശല്യംമൂലം തേക്കിന്റെ ഉത്പാദനക്ഷമത 44 ശതമാനം കുറഞ്ഞുവരുന്നതായി കണ്ടെത്തിയതിനെ തുടർന്നായിരുന്നു ഗവേഷണം. രണ്ടുവർഷംമുമ്പ് ഗവേഷണം പൂർത്തിയായി. വനഗവേഷണസ്ഥാപനത്തിലെ ശാസ്ത്രജ്ഞർ വനംവകുപ്പ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും രണ്ടുതവണ ഇതു സംബന്ധിച്ച് പരിശീലനം നൽകുകയും ചെയ്തിരുന്നു. എന്നാൽ തേക്കുതോട്ടങ്ങളിൽ ജൈവകീടനാശിനി ഉപയോഗം വ്യാപകമാക്കാൻ തുടർനടപടികൾ ഉണ്ടായില്ല.

ഹിബ്ലിയ പുഴുക്കൾക്കെതിരെ പ്രകൃതിയിലെ തന്നെ ന്യൂക്ലിയോ പോളിഹൈഡ്രോസിസ് വൈറസിനെ(എൻ.പി.വി.) ഫലപ്രദമായി ഉപയോഗിക്കാമെന്നായിരുന്നു ശാസ്ത്രജ്ഞരുടെ കണ്ടെത്തൽ. എൻ.പി.വി. ജൈവ കീടനാശിനിയാക്കി തേക്കിന്റെ ഇലകളിൽ തളിക്കാമെന്നും പിന്നീട് ഇലതിന്നുന്ന പുഴുക്കൾ കോശഭിത്തി തകർന്ന് തീറ്റ നിർത്തി ചത്തൊടുങ്ങുമെന്നുമായിരുന്നു ശാസ്ത്രജ്ഞരുടെ വിശദീകരണം. ഒരു ഹെക്ടർ തോട്ടത്തിൽ തളിക്കാൻ ആവശ്യമായ ജൈവകീടനാശിനിക്ക് 250 രൂപയോളമെ ചെലവുവരൂവെന്നും അവർ വ്യക്തമാക്കിയിരുന്നു. മറ്റു ജീവജാലങ്ങൾക്കോ പരിസ്ഥിതിക്കോ ദോഷമുണ്ടാക്കില്ലെന്നും ശാസ്ത്രജ്ഞർ അവകാശപ്പെട്ടിരുന്നു.

ലോകത്തിലെ ആദ്യ തേക്കുതോട്ടമുള്ള നിലമ്പൂരിലാണ് വലിയ തേക്കുകൃഷി നടക്കുന്നത്. വനംവകുപ്പിനുപുറമെ സംസ്ഥാനത്ത് വ്യക്തികളും തേക്കുകൃഷി നടത്തുന്നുണ്ട്. മിക്കയിടങ്ങളിലും ഇപ്പോഴും ഇലതീനിപ്പുഴുക്കളുടെ ശല്യമുണ്ട്. എന്നാൽ മഹാരാഷ്ട്രയിലെയും ഛത്തീസ്ഗഢിലെയും സ്വകാര്യ കർഷകർ മാത്രമാണ് ജൈവകീടനാശിനിയുടെ കാര്യത്തിൽ കൂടുതൽ താൽപര്യം പ്രകടിപ്പിച്ചതെന്ന് ഗവേഷണത്തിനു നേതൃത്വം നൽകിയ പീച്ചിയിലെ ശാസ്ത്രജ്ഞൻ ഡോ. ആർ.വി.വർമ്മ പറഞ്ഞു. വനഗവേഷണസ്ഥാപന മുൻ ഡയറക്ടർ ഡോ.കെ.എസ്.എസ്.നായർ, സുധീന്ദ്രകുമാർ, സജീവ്, ഇംഗ്ലണ്ടിലെ ഡോ.ഹ്യൂ ഇവാൻസ് എന്നിവരും ഗവേഷണത്തിന് നേതൃത്വം നൽകിയിരുന്നു. കേന്ദ്രസർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ബയോടെക്നോളജിയുടെ സാമ്പത്തിക സഹായമുണ്ടായിരുന്ന ഗവേഷണത്തിന് വിവിധ ഘട്ടങ്ങളിലായി ലക്ഷങ്ങളാണ് ചെലവഴിച്ചത്.